മുദ്രകൾ

# സ്വിറ്റ്സർലന്റിൽ മധ്യകാല അസഹിഷ്ണുതയുടെ പ്രേതം

**ഒടുവിൽ** ആ ഭീതി യാഥാർഥ്യമായി. സ്വിറ്റ്സർലന്റിൽ പുതിയ പള്ളികൾക്ക് മിനാരങ്ങളുണ്ടാക്കുന്നതിന് വിലക്ക്! പ്രാകൃതത്വത്തിന്റെയും അസഹിഷ്ണുതയുടെയും മധ്യകാല പ്രേതം ഇപ്പോഴും യൂറോപ്പിൽ അലയുകയാണെന്ന് ഈ സംഭവം അർഥശങ്കക്കിടയില്ലാത്തവിധം തെളിയിച്ചു. സ്വിസ് പാർലമെന്റ്, പ്രധാന രാഷ്ട്രീയ പാർട്ടികൾ, റോമൻ കാത്തലിക് ബിഷപ്പുമാർ, ജൂത റാബികൾ ഇവരുടെയൊക്കെ എതിർപ്പ് മറികടന്നാണ് മിനാരത്തിനുള്ള വിലക്ക് പ്രാബല്യത്തിൽ വരുന്നത്.

വോട്ടവകാശമുള്ള ഒരു ലക്ഷം പേർ ഒപ്പിട്ട് നിവേദനം നൽകിയാൽ ഏതൊരു കാര്യത്തിലും ജനഹിത പരിശോധന നടത്തണമെന്നതാണ് സ്വിസ് നിയമം. കൂടുതൽ ആളുകൾ പിന്തുണക്കുന്ന അഭിപ്രായം നിയമമാകും. ഈ പഴുത് ഉപയോഗിച്ചാണ് സ്വിറ്റ്സർലന്റിലെ ഏറ്റവും വലിയ കക്ഷിയായ സ്വിസ് പീപ്പ്ൾസ് പാർട്ടി പുതുതായി നിർമിക്കുന്ന മുസ്‌ലിം പള്ളികൾക്ക് മിനാരമുണ്ടാക്കാൻ അനുവദിക്കരുതെന്ന് ആവശ്യപ്പെട്ട് ഒരു ലക്ഷം പേരുടെ ഒപ്പ് ശേഖരിച്ച് നിവേദനം സമർപ്പിച്ചത്.

രണ്ടു വർഷത്തോളമായി ഇതു സംബന്ധമായ വാദകോലാഹലങ്ങളാൽ പ്രക്ഷു
ബ്ധമായിരുന്നു സ്വിസ് രാഷ്ട്രീയം.
ഇസ്‌ലാമോഫോ ബിയ ഉറഞ്ഞുതുള്ളു
ന്നത് റഫറണ്ടം കാമ്പയിനിൽ ലോകം
കണ്ടു. സ്വിസ് പതാ കയിൽ കുത്തി
നിർത്തിയ മിസൈൽ ആകൃതിയി
ലുള്ള മിനാരങ്ങളു ടെയും അതിനൊപ്പം
നിൽക്കുന്ന മുഖാവ രണമിട്ട ഒരു സ്ത്രീയു
ടെയും കാരിക്കേച്ച റുകളാണ് മിനാരംവിരു
ദ്ധരുടെ പോസ്റ്ററുക ളിൽ നിറഞ്ഞത്. പ്രചാ
രണത്തിനൊടുവിൽ ഇസ്‌ലാമിക ചിഹ്ന
ങ്ങൾ സ്വിസ് സംസ്കാരത്തെ അപ
കടപ്പെടുത്തുമെന്ന് ജനങ്ങളെ വിശ്വസിപ്പി
ക്കാൻ തീവ്ര വലതു പക്ഷത്തിന് കഴിഞ്ഞു.
വോട്ടർമാരിൽ 57.5 ശതമാനവും കഴിഞ്ഞ
നവംബർ 29-ന് മിനാരത്തിനെതിരെ
വിധി എഴുതുകയാ ണുണ്ടായത്.



■ ഒരു മിനാരംവിരുദ്ധ കാമ്പയിൻ പോസ്റ്റർ

സ്വിസ് ഗവൺമെന്റ് മുതൽ വത്തിക്കാനിലെ പോപ്പ് വരെ മിനാര നിരോധന നീക്കത്തിനെതിരെ വോട്ട് ചെയ്യണമെന്ന് അഭ്യർഥിച്ചെങ്കിലും ഫലമുണ്ടായില്ല. മനുഷ്യന്റെ മൗലികാവകാശങ്ങളിൽ പെടുന്ന മതസ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമാണിതെന്ന് ആംനസ്റ്റി ഇന്റർനാഷ്നൽ കുറ്റപ്പെടുത്തി. "റഫറണ്ടത്തിൽ ചോദിച്ചത് ചീത്ത ചോദ്യം; കിട്ടിയ ഉത്തരവും ചീത്ത. തീവ്രവാദത്തിനും അസഹിഷ്ണുതക്കും വളം വെക്കുമെന്നല്ലാതെ എന്തുണ്ട് ഇതുകൊണ്ട് പ്രയോജനം?" ഒ.ഐ.സിയുടെ ജനീവയിലെ പ്രതിനിധി ബർബകാർ ബാ ചോദിക്കുന്നു.

സ്വിറ്റ്സർലന്റിൽ നാലു ലക്ഷം മുസ്‌ലിംകളുണ്ടെങ്കിലും പള്ളികളും പ്രാർഥനാമുറികളും മൊത്തം കൂട്ടിയാൽ 160–ൽ കവിയില്ല. ഉപേക്ഷിക്കപ്പെട്ട പഴയ ഫാക്ടറികളും ഗോഡൗണുകളുമൊക്കെയാണ് പള്ളികളായി ഉപയോഗിക്കുന്നത്. ഇവയിൽ ആകെ നാല് പള്ളികൾക്കേ മിനാരമുള്ളൂ. ഒറ്റ പള്ളിയിലും ഉച്ചത്തിൽ ബാങ്ക് കൊടുക്കാറില്ല. അതിന് മുമ്പേ നിരോധമേർപ്പെടുത്തിയിരുന്നു. ഇപ്പോൾ മിനാര നിരോധവും!

സ്വിറ്റ്സർലന്റിന്റെ പ്രതിഛായക്ക് മായ്ച്ചാൽ മായാത്ത കളങ്കമാണ് ഇത് ഏൽപ്പിക്കുന്നത്. മുസ്‌ലിം ലോകവുമായുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടും. മറ്റു യൂറോപ്യൻ നാടുകളിലും ഇതിന്റെ അലയൊലികൾ ഉയർന്നുകഴിഞ്ഞു. അവിടങ്ങളിലെ തീവ്രവലതുപക്ഷവും മിനാരങ്ങൾക്കെതിരെ കാമ്പയിൻ ആരംഭിച്ചിരിക്കുകയാണ്. എന്നാൽ ഒരു കാരണവശാലും വൈകാരികമായി പ്രതികരിക്കരുതെന്നാണ് മുസ്‌ലിം പണ്ഡിതന്മാരുടെ ആഹ്വാനം. ഇസ്‌ലാമിന്റെ ഒരു സാംസ്കാരിക ചിഹ്നമാണ് മിനാരം. അത് പള്ളിയിൽ ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ല. വിവിധ കാലങ്ങളിൽ വിവിധ രൂപങ്ങളിലായിരുന്നു മിനാരങ്ങൾ പണിതിരുന്നത്. ആയതിനാൽ ഇതൊരിക്കലും ഒരു മതപ്രശ്നമാക്കി വളർത്തരുതെന്നാണ് അവരുടെ ആഹ്വാനം. അതേസമയം മിനാര നിരോധത്തിനെതിരെ ലോകാഭിപ്രായം ഉയർത്തിക്കൊണ്ടുവരാൻ അവർ നീക്കം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ■

## ജർമൻ പാർലമെന്റിൽ മുസ്‌ലിം അംഗങ്ങൾ 15

**ഈയടുത്ത്** നടന്ന തെരഞ്ഞെടുപ്പിൽ ജർമൻ ഫെഡറൽ പാർലമെന്റിലെ മുസ്‌ലിം അംഗസംഖ്യ 15 ആയി ഉയർന്നതായി ജർമൻ പത്രം. ഇത്രയധികം മുസ്‌ലിം അംഗങ്ങൾ മുമ്പൊരിക്കലും ജർമൻ പാർലമെന്റിൽ ഉണ്ടായിരുന്നില്ല. കഴിഞ്ഞ പാർലമെന്റിൽ മുസ്‌ലിംകൾ പതിനൊന്ന് പേരായിരുന്നു. തെരഞ്ഞെടുക്കപ്പെട്ടവരിൽ മിക്കവരും അതത് ദേശീയ കക്ഷികളുടെ ആശയങ്ങൾ മുറുകെ പിടിക്കുന്നവരും മുസ്‌ലിം പ്രശ്നങ്ങളിൽ താൽപര്യമെടുക്കാത്തവരും ആയതിനാൽ ഈ വർധനവ്കൊണ്ട് കാര്യമായ പ്രയോജനമില്ലെന്നാണ് ചിലർ ചൂണ്ടിക്കാട്ടുന്നത്. ■

# മഹ്ർ താങ്ങാനാവാത്ത ഭാരമാകുമ്പോൾ

**ഗൾഫ്** നാടുകളിൽ വധുവിന് മഹ്ർ പണമായോ ആഭരണമായോ നൽകാതെ ഒരു വിവാഹവും നടക്കില്ല. ചില്ലറ മഹ്റൊന്നുമല്ല. വരന്റെ നടുവൊടിക്കാൻ മാത്രം ഭീമമായിരിക്കും മഹ്ർ തുക. ഈ പതിവ് തെറ്റിച്ച വിവാഹമാണ് ഖത്തറിൽ നടന്നത്. ഇമാം നവവിയുടെ വിശദീകരണക്കുറിപ്പുകളുള്ള *സ്വഹീഹ് മുസ്‌ലിം* എന്ന ഹദീസ്

ഗ്രന്ഥം വരൻ മഹ്റായി നൽകുകയായിരുന്നു. വിശുദ്ധ ഖുർആനിലെ പതിമൂന്ന് ജുസ്അ് (ഭാഗം) വരൻ മനഃപാഠമാക്കിയിട്ടുണ്ട് എന്നതും വധുവും കുടുംബവും മഹ്റിനത്തിൽ പരിഗണിച്ചു. ഖത്തറിലെ മതപ്രബോധകനായ അഹ്മദ് ബൂഇനീന്റെ കാർമികത്വത്തിലായിരുന്നു വിവാഹ ചടങ്ങുകൾ.


■ അഹ്മദ് ബൂഇനീൻ

നമ്മുടെ നാട്ടിൽനിന്ന് ഭിന്നമായി, അവിടെ പുര നിറഞ്ഞുനിൽക്കുന്നത് യുവാക്കളാണ്. വിവാഹപ്രായം തെറ്റിയ യുവാക്കളും യുവതികളും ഗൾഫ് നാടുകളിലെ ഏറ്റവും സങ്കീർണമായ സാമൂഹിക പ്രശ്നങ്ങളിലൊന്നാണ്. ഇനി മഹ്ർ തുക കഷ്ടപ്പെട്ട് ഒപ്പിച്ചെടുത്താലും രക്ഷയില്ല. മഹ്റിനെ കടത്തിവെട്ടുന്നതായിരിക്കും മറ്റു വിവാഹച്ചെലവുകൾ. "ഈ ആർഭാടമായ വിവാഹച്ചെലവുകൾ ധൂർത്തും പൊങ്ങച്ച പ്രകടനവുമാണ്; ഇസ്ലാമിക പ്രമാണങ്ങൾക്ക് കടകവിരുദ്ധവും"– അഹ്മദ് ബൂഇനീൻ പറയുന്നു.

എട്ടര ലക്ഷത്തോളമാണ് ഖത്തറിലെ ജനസംഖ്യ. ഇതിൽ 20–നും 35–നും ഇടക്ക് പ്രായമുള്ള വിവാഹം കഴിക്കാത്ത യുവതീ യുവാക്കളുടെ എണ്ണം ഒരു ലക്ഷമാണ്. ഇത് മൊത്തം ജനസംഖ്യയുടെ എട്ട് ശതമാനത്തോളം വരും. ഏതാണ്ടെല്ലാ ഗൾഫ് നാടുകളിലും ഇതുതന്നെ സ്ഥിതി. മുപ്പതിനായിരം മുതൽ അമ്പതിനായിരം ഡോളർ വരെയാണ് ഖത്തറിലെ മഹ്ർ നിരക്ക്. സദ്യക്കും മണിയറക്കും മറ്റുമുള്ള സംഖ്യ വേറെ കാണണം. ഇസ്ലാമിലെ വളരെ ലളിതമായ വിവാഹ ചടങ്ങിനെ മാമൂലുകൾ എങ്ങനെയെല്ലാം സങ്കീർണമാക്കുന്നു! പ്രവാചകന്റെയും മുൻഗാമികളായ സച്ചരിതരുടെയും പാത കൈവിട്ടുപോയതാണ് ഈ ദുരിതത്തിന് കാരണമെന്ന് അഹ്മദ് ബൂഇനീൻ. ■

# സിനിമാ പഠനക്യാമ്പ്

**എസ്.ഐ.ഒ** കേരള സോണിന്റെ കലാ–സാംസ്കാരിക വിഭാഗമായ സംവേദനവേദിയുടെ ആഭിമുഖ്യത്തിൽ കോളേജ് വിദ്യാർഥികൾക്കായി സിനിമാ പഠനക്യാമ്പ് സംഘടിപ്പിക്കുന്നു. 2009 ഡിസംബർ 28, 29,30 ദിവസങ്ങളിൽ തൃശൂരിൽ നടക്കുന്ന ക്യാമ്പിൽ സിനിമയുടെ രാഷ്ട്രീയവും ദർശനവും സമകാലിക സിദ്ധാന്തങ്ങളും ആഴത്തിൽ ചർച്ച ചെയ്യപ്പെടും. പ്രശസ്ത എഴുത്തുകാരിയും ദൽഹി യൂനിവേഴ്സിറ്റി ഇംഗ്ലീഷ് വിഭാഗം അസി. പ്രഫസറുമായ ജെനി റൊവീന നയിക്കുന്ന ക്യാമ്പിൽ കേരളത്തിന് അകത്തും പുറത്തുമുള്ള അക്കാദമിക വിദഗ്ധരും സിനിമാ സംവിധായകരും അഭിനേതാക്കളും പങ്കെടുക്കും.

50 വിദ്യാർഥികൾക്കാണ് ക്യാമ്പിൽ പ്രവേശനം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 100 രൂപയാണ് രജിസ്ട്രേഷൻ ഫീ. താൽപര്യമുള്ള വിദ്യാർഥികൾ ബയോഡാറ്റ സഹിതം **സെക്രട്ടറി, സംവേദനവേദി, എസ്.ഐ.ഒ കേരളാ സോൺ, വിദ്യാർഥി ഭവനം, യു.കെഎസ് റോഡ്,**

**കോഴിക്കോട്-1** എന്ന വിലാസത്തിലോ siofilmcamp@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ഡിസംബർ 15-ന് മുമ്പായി അപേക്ഷ അയക്കുക. കൂടുതൽ വിവരങ്ങൾക്ക് 9961116105, 9895775227 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

എം. അബ്ദുസലീം, സെക്രട്ടറി, എസ്.ഐ.ഒ കേരള. 9961116105

# ഉർദുഗാൻ വീണ്ടും പ്രസിഡന്റ്



**തുർക്കിയിലെ** ഭരണകക്ഷിയായ എ.കെ പാർട്ടിയുടെ അധ്യക്ഷനായി റജബ് ത്വയ്യിബ് ഉർദുഗാൻ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. അങ്കാറയിൽ ചേർന്ന പാർട്ടിയുടെ മൂന്നാം ദേശീയ സമ്മേളനത്തിൽ വെച്ചായിരുന്നു തെരഞ്ഞെടുപ്പ്. പ്രസിഡന്റ് സ്ഥാനത്തേക്ക് മറ്റാരും മത്സരിച്ചിരുന്നില്ല. സമ്മേളനത്തിൽ സംബന്ധിച്ച 1362 പ്രതിനിധികളും ഉർദുഗാന് അനുകൂലമായി വോട്ട് രേഖപ്പെടുത്തി.

ദേശീയ തലത്തിലും ഉർദുഗാൻ കൂടുതൽ സ്വീകാര്യത നേടിയതായി മൂന്നു മാസം മുമ്പ് നടന്ന സർവേ ഫലങ്ങൾ വ്യക്തമാക്കുന്നു. തുർക്കിയിലെ ഏറ്റവും വ്യക്തിപ്രഭാവമുള്ള നേതാവ് എന്നാണ് സർവേയിൽ പങ്കെടുത്തവർ അദ്ദേഹത്തെ വിശേഷിപ്പിച്ചത്. ഇനിയൊരു തെരഞ്ഞെടുപ്പ് വന്നാൽ തങ്ങൾ വീണ്ടും എ.കെ പാർട്ടിക്ക് വോട്ട് ചെയ്യുമെന്ന് സർവേയിൽ പങ്കെടുത്ത ഭൂരിപക്ഷവും വ്യക്തമാക്കി. ■